LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം മണ്ഡലത്തിലെ മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ

157 [3562] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനുവേണ്ടി നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കാനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) നെഗോഷ്യേറ്റഡ് പർച്ചേസ് കമ്മിറ്റിയും സ്ഥലം ഉടമയുമായി ചർച്ച നടത്തി തീരുമാനം എടുക്കാൻ വൈകിയതാണ് കാലതാമസം നേരിട്ടത്.

(ഡി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന ഐസ് പ്ലാന്റുകൾക്ക് അഡീഷണൽ ഡിപ്പോസിറ്റ്

158 [3563] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ വിഴിഞ്ഞം സെക്ഷന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഐസ് പ്ലാന്റുകൾക്ക് മൂന്നുലക്ഷം രൂപവരെ അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിലുള്ള നോട്ടീസ് നൽകാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) അഡീഷണൽ ഡിപ്പോസിറ്റ് ആയി ഇത്രയും തുക നൽകേണ്ടിവന്നാൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവരുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രി-92 താരിഫ് വ്യവസ്ഥയിൽ പ്രവർത്തനമാരംഭിച്ച ഐസ് പ്ലാന്റുകളിൽ പലതും 2002 ആയതോടെ അന്ന് നിലവിലുള്ള കറണ്ട് ചാർജ്ജ് അടയ്ക്കേണ്ടതായി വന്നു. അതിന് ആനുപാതികമായി അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റും അടയ്ക്കണമായിരുന്നു. എന്നാൽ 2002-ൽ നോട്ടീസ് നൽകിയെങ്കിലും കോടതിയുടെ സ്റ്റേ ഉത്തരവനുസരിച്ച് 30% മാത്രമേ അടച്ചിട്ടുള്ളൂ. സ്റ്റേ മാറിയപ്പോൾ പിന്നീടുണ്ടായ താരിഫ് വർദ്ധനവിനനുസരിച്ച് ഐസ് പ്ലാന്റുകൾ അടയ്ക്കേണ്ടതായ അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ് തുക 60,000 രൂപ മുതൽ 2,86,000 രൂപ വരെ ആയിട്ടുണ്ട്.

(സി & ഡി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം തവണ വ്യവസ്ഥ നൽകിയിട്ടുണ്ട്.

തിരുവമ്പാടി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

159 [3564] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിദ്യുച്ഛക്തി എത്തിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ 2001 ജൂൺ മുതൽ 2003 ഡിസംബർ വരെ ഏതൊക്കെ പ്രവർത്തികൾ നടപ്പിലാക്കി;

(സി) നിലവിൽ പ്രവർത്തി നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെ ഘട്ടത്തി ലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(ഡി) അവികസിത-മലയോര-കുടിയേറ്റ മേഖല എന്നത് കണക്കിലെടുത്ത് മിനിമം ഗ്യാരണ്ടിയിൽ എഗ്രിമെന്റ് വെച്ച് പ്രവർത്തികൾക്ക് ഒ. റ്റി. പി. അനുവദിക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly